# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 420          02.12.2014 ൽ മറുപടിക്ക്

## പൂർത്തീകരിക്കപ്പെടാനുള്ള റെയിൽവേ പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എൻ. എ. ഖാദർ : | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് പൂർത്തീകരിക്കപ്പെടാനുള്ള റെയിൽവേ പദ്ധതികൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ; | (എ) | മുഖ്യമായും പാതയിരട്ടിപ്പിക്കലും, വൈദ്യുതീകരണവും, ഗേജ് മാറ്റവും, അങ്കമാലി - ശബരി റയിൽപാതയുമാണ് സംസ്ഥാനത്ത് ഇനിയും പൂർത്തീകരിക്കപ്പെടാനുള്ള റെയിൽവേ പദ്ധതികൾ. |
| (ബി) | ഇത്തരം പദ്ധതികളെ പൂർത്തീകരിക്കപ്പെടാനുള്ള റെയിൽവേ പദ്ധതികളുടെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (ബി) | സംസ്ഥാനത്തിലെ റയിൽവേയുടെ സമഗ്ര വികസനത്തിനാവശ്യമായ പദ്ധതികൾ നടപ്പിലാക്കുന്നതിനും പണികൾ ചെയ്യുന്നതിനും ആവശ്യമായ തുകകൾ 2014-15 ലെ റയിൽവേ ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിനായി എല്ലാ കാര്യങ്ങളും ഉൾക്കൊള്ളുന്ന പട്ടിക ബഹു. മുഖ്യമന്ത്രിയുടെ അർദ്ധ ഔദ്യോഗിക കത്ത് മുഖേന ബഹു ഇന്ത്യൻ പ്രധാനമന്ത്രിയ്ക്കും റയിൽവേ മന്ത്രിയ്ക്കും സംസ്ഥാന സർക്കാർ 30.05.2014 ന് പുതിയ കേന്ദ്ര സർക്കാരിന് സംസ്ഥാന സർക്കാർ നൽകിയിട്ടുണ്ട്.<br>തുടർന്ന് 09.07.2014 ന് അവതരിപ്പിക്കപ്പെടുന്ന റയിൽവേ ബഡ്ജറ്റിൽ ടി പട്ടികയിൽ പറയുന്ന കാര്യങ്ങൾക്കൊപ്പം പരിഗണിക്കേണ്ടുന്ന റയിൽവേയുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ അറിയിക്കുവാൻ ബഹു. എം.പി മാരോടും റയിൽവേ ഉദ്യോഗസ്ഥരോടും സംസ്ഥാന സർക്കാർ 21.06.2014 നും ആവശ്യപ്പെടുകയും 2015-16 ലെ സമ്പൂർണ റെയിൽവേ ബഡ്ജറ്റിൽ |

| | | | |
|---|---|---|---|
| | | | ഉൾപ്പെടുത്തേണ്ട മറ്റു നിർദ്ദേശങ്ങൾ ബഹു. എം.പി മാരോട് 15.10.2014 ലെ എന്റെ അർദ്ധ ഔദ്യോഗിക കത്ത് മുഖേന എല്ലാ എം.പി മാരോടും മറ്റ് ബന്ധപ്പെട്ടവരോടും ആവശ്യപ്പെട്ടുകയും ലഭിച്ച നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി . 2015-16 ലെ റയിൽവേ ബഡ്ജറ്റിൽ അവ പരിഗണിച്ച് ആവശ്യമായ തുകകൾ വകയിരുത്തണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്ന വിശദമായ മെമ്മോറാണ്ടത്തിന്റെ കരട് തയ്യാറാക്കുകയും 19.11.2014 ന് തിരുവനന്തപുരത്ത് വച്ച് നടന്ന എം.പിമാരുടെ യോഗത്തിൽ വച്ച് ആദ്യ അജണ്ടാ വിഷയമായി പ്രസ്തുത മെമ്മോറാണ്ടത്തിൽ ഉൾപ്പെടുത്തി യിട്ടുള്ള വിഷയങ്ങൾ ചർച്ച ചെയ്യുകയും ചർച്ചയിൽ ഉരുത്തിരിഞ്ഞ കാര്യങ്ങൾ കൂടി ഉൾപ്പെടുത്തി അന്തിമമായി മെമ്മോറാണ്ടം കേന്ദ്ര സർക്കാരിന് 2015-16 ലെ റെയിൽവേ ബഡ്ജറ്റിൽ പരിഗണിക്കുന്നതിനായി നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിനായി ഭൂമിയേറ്റെടുക്കൽ ആവശ്യമുള്ളതായി വരുന്ന സന്ദർഭങ്ങളിൽ യഥാസമയം ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കുന്നതിന് പ്രത്യേക ശ്രദ്ധ നൽകുമോ; | (സി) | ശ്രദ്ധ നൽകുന്നുണ്ട്. |
| (ഡി) | കഞ്ചിക്കോട് റെയിൽവേ കോച്ച് ഫാക്ടറി നിർമ്മാണവുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കുന്നതിന് ആവശ്യമായ നടപടികൾ പൂർത്തിയായിട്ടുണ്ടോ; | (ഡി) യും (ഇ) യും | പദ്ധതിക്കാവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയായിട്ടുണ്ട്. എന്നാൽ പദ്ധതിക്കായി ആവശ്യമുള്ള ഭൂമിയിലുൾ പ്പെടുന്ന വനഭൂമിക്കുള്ള കേന്ദ്രസർക്കാരിന്റെ അനുമതി ലഭിക്കേണ്ടതുണ്ട്. സംസ്ഥാനത്തിലെ റയിൽവേയുടെ സമഗ്ര വികസനത്തിനാവശ്യ മായ പദ്ധതികൾ നടപ്പിലാക്കുന്നതിനും |
| (ഇ) | ഇല്ലെങ്കിൽ ഇത് അടിയന്തിരമായി പൂർത്തീകരിച്ച് പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതിനു വേണ്ട സത്വര | | |

| | | | |
|---|---|---|---|
| | നടപടികൾ സ്വീകരിക്കുമോ? | | പണികൾ ചെയ്യുന്നതിനും ആവശ്യമായ തുകകൾ 2015-16 ലെ റയിൽവേ ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാരിന് സമർപ്പിക്കുവാൻ ഉദ്ദേശിക്കുന്ന എല്ലാ കാര്യങ്ങളും ഉൾക്കൊള്ളുന്ന വിശദമായ മെമ്മോറാണ്ടത്തിൽ ആദ്യ ഇനമായി തന്നെ പാലക്കാട് റെയിൽ കോച്ച് ഫാക്ടറി എത്രയും പെട്ടെന്ന് സ്ഥാപിക്കുന്നതിനുള്ള അനന്തര നടപടികൾ സ്വീകരിക്കണമെന്നും അതിനാവശ്യമായ തുകകൾ വകയിരുത്തണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ